**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2156** **30-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതിയെ കണ്ടെത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം ഗ്രാമ പഞ്ചായത്തിൽ കണ്ണവം സങ്കേതത്തിൽ നരിക്കോടൻ മേൽവിലാസത്തിൽ താമസിച്ചിരുന്ന 40 വയസ്സുള്ള സിന്ധു എൻ. എന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതിയെ 31-12-2024 മുതൽ കാണാതായത് സംബന്ധിച്ച പോലീസ് അന്വേഷണ പുരോഗതി വിശദമാക്കാമോ? | (എ) | പാട്യം ഗ്രാമ പഞ്ചായത്തിൽ കണ്ണവം സങ്കേതത്തിൽ നരിക്കോടൻ മേൽവിലാസത്തിൽ താമസിച്ചിരുന്ന 40 വയസ്സുള്ള സിന്ധു എൻ. എന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതിയെ 31-12-2024 മുതൽ കാണാതായത് സംബന്ധിച്ച് സഹോദരൻ രതീഷ് കണ്ണവം പോലീസ് സ്റ്റേഷനിൽ ഹാജരായി നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം 2/2025 U/s 57 of KP Act പ്രകാരം 01/01/2025 തീയതി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. അന്നേ ദിവസം തന്നെ ടി വിഷയത്തിൽ വയർലസ്സ് മുഖേന ടി സ്ത്രീയെ തിരിച്ചറിയുന്നതിനുള്ള അടയാള വിവരം പോലീസ് കൺട്രോൾ റൂമിലേക്കും മറ്റ് സ്റ്റേഷനുകളിലേക്കും അറിയിച്ചിട്ടുണ്ട്. ശേഷം ഫോട്ടോ സഹിതം പ്രത്യേക ക്രൈം കാർഡ് തയ്യാറാക്കി സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനിലേക്കും, സോഷ്യൽ മീഡിയ വഴിയും അയച്ച് കൊടുത്തിട്ടുള്ളതും, കൂടാതെ അന്വേഷണ ഉദ്യോഗസ്ഥർ പരാതിക്കാരന്റെ അമ്മയെയും, ബന്ധുക്കളെയും, പരിസരവാസികളേയും നേരിൽ കണ്ട് അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. അന്വേഷണത്തിൽ ടിയാൾ ഒറ്റപ്പെട്ട് താമസിക്കുന്നതും മാനസിക അസ്വാസ്ഥ്യം ഉള്ളയാളാണെന്നും അറിയാൻ സാധിച്ചിട്ടുണ്ട്.<br><br>കേസിൽ ബന്ധുക്കളിൽ നിന്നും നാട്ടുകാരിൽ നിന്നും മനസ്സിലാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കാണാതായ സിന്ധു വിറകോ, കിഴങ്ങ് വർഗ്ഗങ്ങളോ ശേഖരിക്കുന്നതിനായി വനത്തിൽ പോയിട്ട് തിരികെ വന്നിട്ടില്ല എന്ന ഉറച്ച വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ തണ്ടർ ബോൾട്ട്, ഡോഗ് സ്ക്വാഡ്, ഫോറസ്റ്റ് ഉദ്യോഗസ്ഥർ, കുടംബശ്രീ അംഗങ്ങൾ, ST - പ്രമോട്ടർമാർ എന്നിവരുമായി ചേർന്ന് വനമേഖലയിലെ സ്ഥലങ്ങളിലും, പുഴകളിലും, ജലാശയങ്ങളിലും മറ്റും പരിശോധന നടത്തിയിട്ടുള്ളതാണ്. സിന്ധുവിന്റെ ഭർത്താവായ രവി |

| | | | | |
|---|---|---|---|---|
| | | | | താമസിക്കുന്ന കണിച്ചാർ മലയംപാടി പടിഞ്ഞാറെ വെള്ളുന്നി, രാജമുടി എന്നീ സ്ഥലങ്ങളിലും അന്വേഷണവും പരിശോധനയും നടത്തിയിട്ടുണ്ട്. ഉൾക്കാട്ടുകളിൽ പരിശോധനക്കായി ഡ്രോൺ സേവനവും ഉപയോഗപ്പെടുത്തിയിരുന്നു. കൂടാതെ ജലാശയങ്ങളും മറ്റും വിശദമായി പരിശോധിക്കുന്നതിന് ഫയർ ആന്റ് റസ്ക്യൂ സർവ്വീസിന്റെയും സന്നദ്ധപ്രവർത്തകരുടെയും സേവനം പ്രയോജനപ്പെടുത്തി ഊർജ്ജിതമായ പരിശോധന നടത്തി കാണാതായ സ്ത്രീയെ കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. വനമേഖലയിലെ ജലാശയങ്ങൾ, കരിങ്കൽ ക്വാറി, കിണറുകൾ, ടാങ്കുകൾ, കുഴികൾ മറ്റും UNDER WATER DRONE CAMERA REMOTTED OPERATIVE VEHICLE ഉപയോഗിച്ച് കുത്തുപറമ്പ് ഫയർ ആന്റ് റസ്ക്യൂ സ്ക്കൂബ ഡ്രൈവർ പരിശോധന നടത്തിയിട്ടുള്ളതുമാണ്. കണ്ണവം വനമേഖലയ്ക്കടുത്തും ഉന്നതിക്കടുത്തും താമസിക്കുന്ന വിവിധ സ്റ്റേഷനുകളിൽ ജോലിചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു SPECIAL INVESTIGATION TEAM രൂപീകരിച്ച് അന്വേഷണം നടത്തുന്നുണ്ട്. കേസിന്റെ തെളിവിലേക്ക് സിന്ധുവിന്റെ അമ്മയായ പ്രേമജയുടെ ബ്ലഡ് സാമ്പിൾസ് ശേഖരിച്ച് കോടതി മുഖാന്തിരം DNA രാസപരിശോധനയ്ക്ക് RFSL കണ്ണൂർ ലാബിൽ നൽകിയിട്ടുള്ളതും നിലവിൽ ടി കേസ് അന്വേഷണാവസ്ഥയിലിരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ